(സി) മിഷൻ 676-ൽ ഉൾപ്പെടുത്തി സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്ന് ചെയ്യേണ്ട എല്ലാവിധ നടപടികളും സ്വീകരിച്ച് ഈ പദ്ധതി നടപ്പാക്കുന്ന IWAI വഴി എത്രയും വേഗം പണി പൂർത്തിയാക്കുവാനാണ് ഉദ്ദേശിക്കുന്നത്.

കരിമല അംബേദ്കർ കുടിവെള്ള പദ്ധതി

123 (2332) ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്തനംതിട്ട കരിമല അംബേദ്കർ കുടിവെള്ള പദ്ധതിക്ക് അനുമതി ലഭിച്ചിട്ടും പണി തുടങ്ങാൻ താമസിക്കുന്നതിന്റെ കാരണം വ്യക്തമാക്കുമോ ;

(ബി) കുടിവെള്ള ലഭ്യത ഇല്ലാത്ത ഈ പ്രദേശത്ത് പ്രസ്തുത കുടിവെള്ള പദ്ധതി ഉടനടി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ ; എന്നത്തേക്ക് ഈ പദ്ധതി പൂർത്തിയാക്കാനാകും വ്യക്തമാക്കുമോ ?

ഉത്തരം

(എ) കരിമല അംബേദ്കർ കുടിവെള്ള പദ്ധതിയിൽ കുളനട ഗ്രാമപഞ്ചായത്തിലെ വാർഡ് 2 ആയ കരിമല അംബേദ്കർ കോളനിയിലേക്കുള്ള പൈപ്പ് നീട്ടൽ പണിയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

കുളനട പഞ്ചായത്തിലെ 2-ാം ഘട്ട കുടിവെള്ള പദ്ധതിയിൽ കരിമല കോളനിയുടെ ചില പ്രദേശങ്ങളും ഉൾപ്പെടുത്തിയിരുന്നതിനാൽ മേൽ പദ്ധതി പൂർത്തീകരിച്ചതിനുശേഷം അവശേഷിക്കുന്ന ഭാഗം ഉൾപ്പെടുത്തി വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി വന്നതിലുള്ള കാലതാമസമാണ് പണി തുടങ്ങാൻ താമസിക്കുന്നതിന്റെ കാരണം.

(ബി) ഈ പദ്ധതി 4 മാസത്തിനകം പൂർത്തിയാക്കുന്നതിനുള്ള നടപടി വാട്ടർ അതോറിറ്റി സ്വീകരിച്ചുവരികയാണ്.

മീനാട് ശുദ്ധജലപദ്ധതി

124 (2333) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മീനാട് ശുദ്ധജലപദ്ധതി (ജപ്പാൻ കുടിവെള്ള പദ്ധതി) പ്രകാരം എത്ര കിലോമീറ്റർ ദൂരത്തിലാണ് വിതരണ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി തീരുമാനിച്ചിരുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly